## നിയമനിർമ്മാണകാര്യം

## താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

1. 2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ബിൽ

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ): സർ, 2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുള്ള സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ): സർ, 2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ബിൽ സാമൂഹിക സേവനം സംബന്ധിച്ച XIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.

പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സംസാരിക്കുന്നുണ്ടോ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ): ഇല്ല.

(പ്രതിപക്ഷാംഗങ്ങൾ സീറ്റിലില്ലാത്തതിനാൽ നിരാകരണ പ്രമേയം അവതരിപ്പിച്ചില്ല)

ശ്രീ. വർക്കല കഹാർ: സർ, 2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. അതിനെ സംബന്ധിച്ച് ഞാൻ സംസാരിക്കുന്നില്ല.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: സർ, 2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ബിൽ ഒരു സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഈ ബിൽ സംബന്ധിച്ച് ദീർഘിപ്പിച്ച് സംസാരിക്കുന്നില്ല. അങ്കണവാടി ജീവനക്കാരുടെ ചിരകാലസ്വപ്നം സാക്ഷാത്കരിക്കുന്ന ഏറ്റവും മഹത്തായ ഒരു ബില്ലാണ് ബഹുമാന്യനായ മന്ത്രി സഭയിൽ അവതരിപ്പിച്ചിട്ടുള്ളത്. ചെറിയ വേതനം

വാങ്ങി ജോലി ചെയ്യുന്ന ഇത്തരം ആളുകൾ ദീർഘകാലമായി പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന, അവരുടെ ഔദ്യോഗിക കാലാവധി അവസാനിച്ചശേഷം ക്ഷേമനിധിയിൽനിന്നും പെൻഷനും മറ്റ് ആനുകൂല്യങ്ങളും കിട്ടാനുള്ള സൗകര്യങ്ങളുണ്ടാക്കിക്കൊടുക്കുന്നതുമായ ഏറ്റവും പ്രധാനപ്പെട്ട ഒരു ബില്ലാണ് ഇവിടെ അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. ഈ ബില്ലിൽ വന്നിട്ടുള്ള ചില കാര്യങ്ങളെ സംബന്ധിച്ച് ചില ഭേദഗതികൾ നിർദ്ദേശിക്കാനുണ്ടായിരുന്നു. സമയം അനുവദിക്കാത്തതുകൊണ്ട് ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കാൻ ആഗ്രഹിക്കുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ അങ്കണവാടി വർക്കർമാർക്ക് 2,050 രൂപയും ഹെൽപ്പർക്ക് 1,300 രൂപയുമായിരുന്നു ഓണറേറിയം. 2011-12-ൽ 450 രൂപയും 2013-14-ൽ 400 രൂപയും 2014-15-ൽ 600 രൂപയും 2015-16-ൽ 600 രൂപയുടെയും വിഹിതം വർദ്ധിപ്പിച്ചു. കേന്ദ്ര സർക്കാരിന്റെ വിഹിതത്തിൽപോലും കുറവ് വരുത്തിയപ്പോൾ കേരളം ആ കുറവ് വരുത്താതെ കൂടുതൽ സൗകര്യങ്ങൾ ചെയ്തുകൊടുത്തു. ഏറ്റവും അവസാനമായി വലിയ ഒരു സംഖ്യ മാസാന്ത്യം വാങ്ങാൻ കഴിയുന്ന വിധം അവരുടെ ഓണറേറിയത്തിൽ വലിയ വർദ്ധനവ് ഈ ഗവൺമെന്റുണ്ടാക്കി കൊടുത്തിട്ടുണ്ട്. ക്ഷേമനിധിയിൽ അംഗങ്ങളാകുന്നവർക്ക് വൈദ്യസഹായത്തിന് 10,000 രൂപ,

മരണാനന്തര ആനുകൂല്യം 10,000 രൂപ, വിവാഹവായ്പ 2,000 രൂപ, വിദ്യാഭ്യാസ വായ്പ 1,000 രൂപ, എല്ലാ വിഷയങ്ങൾക്കും $A^+$ വാങ്ങിയ കുട്ടികളുള്ള അംഗങ്ങളുടെ മക്കൾക്ക് 1,000 രൂപ, 2010 മുതൽ വർക്കർക്ക് 500 രൂപ, ഹെൽപ്പർക്ക് 300 രൂപ പ്രതിമാസ പെൻഷൻ നൽകുകയാണ്. ഈ സംഖ്യ കാലോചിതമായ വർദ്ധനവിലൂടെ മാറ്റത്തിന് വിധേയമായിട്ടുണ്ടെന്നുള്ളതും വളരെ അനുകൂലമായിട്ടുള്ള ഒരു ഘടകവുമാണ്. ഇതിൽ വന്നിട്ടുള്ള ചില നിബന്ധനകൾ, രണ്ടാം വകുപ്പിലെ (സി), (ഡി) ഉപവകുപ്പുകളുടെ നിർവ്വചനം കുറച്ചുകൂടി വ്യക്തമാക്കപ്പെടേണ്ടതാണ്. 'ബാലവാടിയിൽ നിന്നോ അതുപോലുള്ള മറ്റ് സ്ഥാപനങ്ങളിൽ നിന്നോ' എന്ന ഭാഗം സ്പഷ്ടതയുള്ളതല്ല. ഏതൊക്കെ സ്ഥാപനങ്ങളിൽനിന്നും സ്ഥലംമാറ്റം ലഭിക്കുന്നവർ ഉൾപ്പെടുന്നുവെന്ന് ആക്ടിൽ വ്യക്തമാക്കേണ്ടതാണ്. അതുപോലെ രണ്ടാം വകുപ്പിലെ (എച്ച്) ഉപവകുപ്പിൽ ആശ്രിതൻ എന്നാൽ അച്ഛൻ അല്ലെങ്കിൽ അമ്മ എന്നാണ് കൊടുത്തിരിക്കുന്നത്. മുൻഗണനയാണ് ഉദ്ദേശിക്കുന്നതെങ്കിൽ അമ്മ എന്നുള്ളത് ആദ്യം വരണം, ഇല്ലെങ്കിൽ അച്ഛനമ്മമാർ എന്ന് വരുന്നതായിരിക്കും ആശയക്കുഴപ്പം ഒഴിവാക്കാൻ നല്ലതെന്ന് എനിക്ക് തോന്നുന്നു. മൂന്നാം വകുപ്പിലെ 3-ാം ഉപവകുപ്പ് (ജെ) യിൽ പറയുന്നത് 'നിധിയുടെ വിഭവശേഷി വർദ്ധിപ്പിക്കുന്നതിനായി മറ്റ് സ്രോതസ്സുകളിൽനിന്നും ബോർഡ് ശേഖരിച്ച ഏതെങ്കിലും തുക' എന്നാണ്

നിയതമായ സ്രോതസ്സുകളിൽ നിന്നല്ലാതെ തുക സ്വീകരിക്കുന്നതിന് ബോർഡിന് ഉപാധിരഹിത അനുമതി നൽകുന്നത് ഉചിതമല്ല. അതുകൊണ്ട് സർക്കാരിന്റെ മുൻകൂർ അനുമതി തേടിയശേഷം മറ്റ് സ്രോതസ്സുകളിൽനിന്നും തുക ശേഖരിക്കണമെന്നതാണ് ഉചിതമെന്ന് എനിക്ക് തോന്നുന്നു. ഇതുപോലുള്ള കുറച്ച് ഭേദഗതികളുണ്ട്. അവ അംഗീകരിക്കണമെന്ന നിർദ്ദേശം കൂടിയുണ്ട്. സമയദൗർലഭ്യം മനസിലാക്കി ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ): സർ, ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കായി പോകുന്നു. ബഹുമാന്യനായ വി. എം. ഉമ്മർ മാസ്റ്റർ പറഞ്ഞിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ച് കമ്മിറ്റിയിൽ വളരെ കാര്യക്ഷമമായുള്ള ചർച്ചകൾ വരുമെന്ന് വിശ്വസിക്കുകയാണ്. മാത്രവുമല്ല അതിനുശേഷം ക്ലാസ് ബൈ ക്ലാസ് ഡിസ്കഷനുവേണ്ടി വീണ്ടും ഇത് തിരിച്ചുവരും. ഇത് വിപ്ലവകരമായ ഒരു ബില്ലാണ്, കാരണം ഇത്രയും നാൾ അങ്കണവാടി വർക്കേഴ്സിനും ഹെൽപ്പേഴ്സിനുംവേണ്ടി ഒരു ഫണ്ട് മാത്രമായിരുന്നു ഉണ്ടായിരുന്നത്. ആ ഫണ്ട്

ഒരു ഉദ്യോഗസ്ഥൻ കൈകാര്യം ചെയ്തിരുന്നതാണ്. അവിടേയ്ക്ക് എല്ലാ പ്രസ്ഥാനങ്ങളുടേയും പ്രതിനിധികളെ വച്ചുകൊണ്ടുള്ള ക്ഷേമനിധി രൂപീകരിച്ചു. പക്ഷേ ആ ക്ഷേമനിധിക്ക് സ്റ്റാറ്റ്യൂട്ടറി പദവി നൽകണമെന്ന് ഫിനാൻസ് ഡിപ്പാർട്ട്മെന്റ് പറയുകയും അത് കാബിനറ്റിന് മുമ്പിൽ വരുകയും മുഖ്യമന്ത്രി വളരെയധികം താൽപ്പര്യമെടുത്തതുകൊണ്ട് ഇത് ഒരു ക്ഷേമനിധി ബില്ലായി മാറുകയാണ്. ഇത് ഒരു ചരിത്രമുഹൂർത്തം കൂടിയാണ്. ഏകദേശം 66,000-ത്തോളം ആളുകൾ, പ്രത്യേകിച്ച് ഏറ്റവും അടിത്തട്ടിലുള്ള ആളുകളുടെ കാര്യങ്ങൾ നോക്കുന്ന, കൊച്ചുകുട്ടികളുടെ ആരോഗ്യ സംരക്ഷണമടക്കം അതുപോലെ ഗർഭിണിയായ സ്ത്രീകളുടെയുമൊക്കെ ആരോഗ്യം പരിരക്ഷിച്ചുവരുന്ന ഹെൽപ്പർമാരുടേയും വർക്കർമാരുടെയും വലിയ ഒരു ആഗ്രഹമാണ് ഇവിടെ പൂവണിയുന്നത്. ഈ ബിൽ അവതരിപ്പിക്കാൻ എനിക്ക് അവസരം കിട്ടിയതിൽ ഞാൻ അങ്ങേയറ്റം സന്തോഷിക്കുകയും ഇതിനായി അനുമതി നൽകിയ ബഹുമാന്യനായ സ്പീക്കറോട് ഞാൻ എന്റെ നന്ദിയും കടപ്പാടും അറിയിച്ചുകൊണ്ട് ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ</u> : ശ്രീ വർക്കല കഹാർ, അങ്ങയുടെ 1(എ) നമ്പർ ഭേദഗതി

പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. വർക്കല കഹാർ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ, അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ബിൽ സാമൂഹ്യ സേവനം സംബന്ധിച്ച XIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..........................

പ്രതികൂലിക്കുന്നവർ ..........................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയക്കുന്നു.

## (2) 2016-ലെ കേരള ഭൂനികുതി (ഭേദഗതി) ബിൽ

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, 2016-ലെ കേരള ഭൂനികുതി (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ടുള്ള സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, 2016-ലെ കേരള ഭൂനികുതി (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിലേയ്ക്കുവേണ്ടി അധിക സമാഹരണത്തിനുള്ള നടപടികളുടെ ഭാഗമായി 1961-ലെ കേരള ഭൂനികുതി ആക്ട് (1961 -ലെ 13) 2014-ലെ കേരള നികുതി ചുമത്തൽ (ഭേദഗതി) ആക്ട് പ്രകാരം ഭേദഗതി ചെയ്ത് പഞ്ചായത്ത് പ്രദേശങ്ങൾ, മുനിസിപ്പൽ കൗൺസിൽ പ്രദേശങ്ങൾ, ടൗൺഷിപ്പ്

പ്രദേശങ്ങൾ, മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങൾ എന്നിവിടങ്ങളിൽ അടിസ്ഥാന നികുതി വർദ്ധിപ്പിക്കുകയുണ്ടായി. പ്രസ്തുത വർദ്ധനവ് സാധാരണ കർഷകരെ ദോഷകരമായി ബാധിക്കുന്നുവെന്ന് സർക്കാരിന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് 2014-ലെ കേരള നികുതി ചുമത്തൽ (ഭേദഗതി) ആക്റ്റിലൂടെ കേരള ഭൂനികുതി ആക്ട് കൊണ്ടുവന്ന് വർദ്ധിപ്പിച്ച അടിസ്ഥാന നികുതിയില കുറവുവരുത്താൻ സംസ്ഥാന സർക്കാർ തീരുമാനിച്ചത്. നിയമസഭാ സമ്മേളനത്തിൽ അല്ലാതിരുന്നതിനാൽ ഈ ആവശ്യത്തിലേയ്ക്കായി 2015-ലെ കേരള ഭൂനികുതി ഭേദഗതി ഓർഡിനൻസും തുടർന്ന് 2016-ലെ കേരള ഭൂനികുതി ഭേദഗതി ഓർഡിനൻസും ബഹുമാനപ്പെട്ട ഗവർണ്ണർ പുറപ്പെടുവിച്ചിട്ടുള്ളത്. 2016-ലെ രണ്ടാം നമ്പർ ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയിൽ ഈ ആക്ട് കൊണ്ടുവരുന്നത് ഉദ്ദേശിച്ചുകൊണ്ടാണ് ഈ ബിൽ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഈ ബില്ലിലെ വ്യവസ്ഥകൾക്ക് 2014 സെപ്റ്റംബർ 30-ാം തീയതി മുതൽ മുൻകാലപ്രാബല്യം ഉണ്ടായിരിക്കുന്നതാണ്. സബ്ജക്ട് കമ്മിറ്റിയുടെ ഡിസ്കഷനുശേഷം മറ്റ് കാര്യങ്ങൾ ഇവിടെ അവതരിപ്പിക്കുമ്പോൾ പറയാം.

<u>മി. സ്പീക്കർ</u>: ശ്രീ. എസ്. രാജേന്ദ്രൻ, Not in the seat....ശ്രീ. സി. ദിവാകരൻ......Not in the seat....

(ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ സഭയിൽ ഇല്ലാതിരുന്നതിനാൽ നിരാകരണപ്രമേയം അവതരിപ്പിച്ചില്ല.)

ശ്രീ. ബെന്നി ബെഹനാൻ: സർ, 2016-ലെ കേരള ഭൂനികുതി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 28-02-2016 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഞാൻ സംസാരിക്കുന്നില്ല. സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കുശേഷം ക്ലാസ് ബൈ ക്ലാസ് ആയി വരുമ്പോൾ സംസാരിക്കാം.

മി. സ്പീക്കർ: ശ്രീ. രാജു എബ്രഹാം...Not in the seat.... ശ്രീ. രാജു എബ്രഹാം സീറ്റിലില്ലാതിരുന്നതിനാൽ 2(ബി) ഭേദഗതി അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മിനിസ്റ്റർ, ഇതുസംബന്ധിച്ച് അങ്ങ് സംസാരിക്കുന്നുണ്ടോ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, പ്രത്യേകിച്ച് ഒന്നും പറയാനില്ല. സബ്ജക്ട് കമ്മിറ്റിയുടെ ചർച്ച കഴിഞ്ഞതിനുശേഷം സംസാരിക്കാം.

മി. സ്പീക്കർ: ശ്രീ. ബെന്നി ബെഹനാൻ, അങ്ങയുടെ 1 (എ) ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 1 (എ) ഭേദഗതി

സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2016-ലെ കേരള ഭൂനികുതി (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ,

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

ഓർഡർ.....ഓർഡർ......സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2016 ഫെബ്രുവരി മാസം 17-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 1.46-ന് പിരിഞ്ഞു.)

*********